# വിപിഎസ് ലേക്ഷോറിൽ മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടിക്ക് തുടക്കമായി

vps | Lakeshore
Global Lifecare

കൊച്ചി: വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെ മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടിക്ക് (സിഎംഇ) തുടക്കമായി. ആശുപത്രിയുടെ ശാസ്ത്രീയ സംരംഭങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടി സിഇഒ ഡോ. എസ്കെ അബ്ദുള്ള ഉദ്ഘാടനം ചെയ്തു.

അർബുദ ചികിത്സയിലെ അടിയന്തരഘട്ടങ്ങളെക്കുറിച്ചുള്ള ആദ്യ സിഎംഇയിൽ മെഡിക്കൽ ആൻഡ് പീഡിയാട്രിക് ഓങ്കോളജി വിഭാഗം മേധാവി ഡോ. വി പി ഗംഗാധരൻ, സീനിയർ കൺസൽട്ടന്റ് റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. ജോസഫ് എഡിസൺ, ഡോ. മാത്യൂസ് ജോസ്, ഡോ. മിഥുൻ ചാക്കോ ജോൺ, ഡോ. ഫിലിപ്പ് ജോർജ് കുറ്റിക്കാട് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

കഴിഞ്ഞ ദശാബ്ദത്തിൽ അർബുദ ചികിത്സയിലുണ്ടായിട്ടുള്ള വളർച്ചയെക്കുറിച്ചായിരുന്നു ഡോ. വി പി ഗംഗാധരൻ സംസാരിച്ചത്. വിവിധ തരം അർബുദങ്ങളുടെ ഫലപ്രദമായ ചികിത്സയിൽ ആധുനിക വൈദ്യശാസ്ത്രത്തിലുണ്ടായിട്ടുള്ള പുരോഗതിയും റേഡിയേഷൻ, ജനറ്റിക് എഞ്ചിനീയറിംഗ് പോലുള്ള ചികിത്സാരീതികളും സഹായകമായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മെഡിക്കൽ തുടർവിദ്യാഭ്യാസ പരിപാടികൾ എല്ലാ മാസവും നടത്തുമെന്ന് സിഎംഇ കോർഡിനേറ്റർ ഡോ. അരുൺ ഉമ്മൻ പറഞ്ഞു. ചീഫ് ഓഫ് സ്റ്റാഫ് ഡോ. മോഹൻ മാത്യു, മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. എച്ച് രമേശ് തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

# വിപിഎസ് ലേക്ഷോറിൽ മെഡിക്കൽ തുടർവിദ്യാഭ്യാസ പരിപാടിക്ക് തുടക്കമായി

കൊച്ചി: വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെ മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടിക്ക് (സിഎംഇ) തുടക്കമായി. ആശുപത്രിയുടെ ശാസ്ത്രീയ സംരംഭങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിപാടി സിഇഒ ഡോ. എസ്.കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്തു. അർബുദ ചികിത്സയിലെ അടിയന്തരഘട്ടങ്ങളെക്കുറിച്ചുള്ള ആദ്യ സിഎംഇയിൽ മെഡിക്കൽ ആൻഡ് പീഡിയാട്രിക് ഓങ്കോളജി വിഭാഗം മേധാവി ഡോ. വി.പി. ഗംഗാധരൻ, സീനിയർ കൺസൾട്ടന്റ് റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. ജോസഫ് എഡിസൺ, ഡോ. മാത്യൂസ് ജോസ്, ഡോ. മിഥുൻ ചാക്കോ ജോൺ, ഡോ. ഫിലിപ്പ് ജോർജ് കുറ്റിക്കാട് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

കഴിഞ്ഞ ദശാബ്ദത്തിൽ അർബുദ ചികിത്സയിലുണ്ടായിട്ടുള്ള വളർച്ചയെക്കുറിച്ചായിരുന്നു ഡോ. വി.പി. ഗംഗാധരൻ സംസാരിച്ചത്. വിവിധ തരം അർബുദങ്ങളുടെ ഫലപ്രദമായ ചികിത്സയിൽ ആധുനിക വൈദ്യശാസ്ത്രത്തിലുണ്ടായിട്ടുള്ള പുരോഗതിയും റേഡിയേഷൻ, ജനറ്റിക് എൻജിനീയറിംഗ് പോലുള്ള ചികിത്സാരീതികളും സഹായകമായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മെഡിക്കൽ തുടർവിദ്യാഭ്യാസ പരിപാടികൾ എല്ലാ മാസവും നടത്തുമെന്ന് സിഎംഇ കോ ഓർഡിനേറ്റർ ഡോ. അരുൺ ഉമ്മൻ പറഞ്ഞു. ചീഫ് ഓഫ് സ്റ്റാഫ് ഡോ. മോഹൻ മാത്യു, മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. എച്ച്. രമേശ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.